## പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T 2814 — 13-03-2020 -ൽ മറുപടിക്ക്

### പ്രകൃതിക്ഷോഭ കെടുതികളിൽ നിന്ന് രക്ഷിക്കുന്നതിന് ചെലവഴിച്ച തുക

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.സി.ജോർജ്ജ്** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | വരൾച്ചയും വെള്ളപ്പൊക്കവും കൊണ്ട് ഉണ്ടാകുന്ന കെടുതികളിൽ നിന്ന് ജനങ്ങളെ രക്ഷിക്കുന്നതിനുള്ള പദ്ധതി പ്രകാരം എത്ര തുകയാണ് 2019-20 വർഷത്തിൽ ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ: | എ) | സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ വരൾച്ചയും വെള്ളപ്പൊക്കവുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിന്ന് നടപ്പ് സാമ്പത്തിക വർഷം 1150.26 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. |
| ബി) | ഇത് ഏതൊക്കെ വകുപ്പുകൾ വഴിയാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് വിശദമാക്കാമോ; | ബി) & സി) | സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡ പ്രകാരമുള്ള ദുരിതാശ്വാസ സഹായം ദുരിതബാധിതർക്ക് ബന്ധപ്പെട്ട വകുപ്പുകൾ(കൃഷി വകുപ്പ്,മൃഗസംരക്ഷണ വകുപ്പ്,റവന്യൂ വകുപ്പ്, മത്സ്യബന്ധന വകുപ്പ്) മുഖേന വിതരണം ചെയ്യുന്നു. ദുരന്തവുമായി ബന്ധപ്പെട്ട് മറ്റ് വകുപ്പുകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ പുനരുദ്ധരിക്കുന്നതിനായി അതാത് വകുപ്പുകൾക്കും/ എജൻസികൾക്കും സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡ പ്രകാരം തുക അനുവദിച്ചു നല്കുന്നു. കാലവർഷക്കെടുതി കാരണം തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിനായി അനുവദിക്കുന്ന പ്രവൃത്തികളിൽ ജില്ലാ പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ എന്നിവയുടെ പരിധിയിൽ വരുന്ന പ്രവൃത്തികൾ അതാത് എഞ്ചിനീയറിംഗ് വിഭാഗത്തെക്കൊണ്ടും ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന പ്രവൃത്തികൾ ബന്ധപ്പെട്ട പഞ്ചായത്ത് ഉൾപ്പെടുന്ന ബ്ലോക്ക് പഞ്ചായത്തുകളിലെ എഞ്ചിനീയറിംഗ് വിഭാഗത്തെക്കൊണ്ടും തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ അസാന്നിദ്ധ്യത്തിൽ പ്രവൃത്തി |
| സി) | ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ഏജൻസികളെയാണെന്ന് അറിയിക്കാമോ; | | |

| | | | |
|---|---|---|---|
| | | | നടത്തേണ്ടുന്ന പ്രദേശത്തെ അധികാര പരിധിയിൽ വരുന്ന PWD (Spl.Buildings), PWD (Roads & Bridges) എന്നീ വിഭാഗങ്ങളിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ക്കൊണ്ട് നിർവ്വഹിക്കുകയാണ് ചെയ്യുന്നത്. പ്രസ്തുത പ്രവൃത്തികൾ ജില്ലാ നിർമ്മിതി കേന്ദ്രത്തെക്കൊണ്ടും നിർവ്വഹിക്കാവുന്നതുമാണ്. |
| ഡി) | ഏതെങ്കിലും ഉദ്യോഗസ്ഥർ ഇത് നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | ഡി) | ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ